## പതിനാലാം കേരള നിയമസഭ

## ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. **1440** 13/07/2016 -ൽ മറുപടിക്ക്

### സംസ്ഥാനത്തെ സ്വകാര്യ ലാബുകൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. പി.ടി.തോമസ് : | | ശ്രീമതി . കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി) | |
| (എ) | സംസ്ഥാനത്തെ സ്വകാര്യ ലാബുകൾ രോഗ നിർണ്ണയ പരിശോധനകൾക്ക് ഉയർന്ന ഫീസ് ഈടാക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | സർക്കാർ നിരക്കിനേക്കാൾ ഉയർന്ന ഫീസ് ഈടാക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | പാവപ്പെട്ടവർക്ക് സൗജന്യ നിരക്കിൽ രോഗനിർണ്ണയ പരിശോധനകൾ നടത്തുന്നതിന് സർക്കാർ തലത്തിൽ ലാബുകൾ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കാമോ; അതിന്റെ വിശദാംശങ്ങൾ നൽകാമോ? | (ബി) | സംസ്ഥാനത്തെ എല്ലാ പബ്ലിക്ക് ഹെൽത്ത് ലാബുകളിലും ബി.പി.എൽ വിഭാഗത്തിൽപ്പെട്ടവർക്ക് സൗജന്യമായാണ് എല്ലാ പരിശോധനകളും ചെയ്തു നൽകുന്നത്. എ.പി.എൽ വിഭാഗക്കാർക്ക് ഗവൺമെന്റ് ഉത്തരവ് പ്രകാരമുള്ള നാമമാത്രമായ ഫീസാണ് ഈടാക്കുന്നത്.<br>പുതിയ പബ്ലിക് ഹെൽത്ത് ലാബുകൾ വയനാട്, മലപ്പുറം, പത്തനംതിട്ട ജില്ലകളിൽ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ജീവനക്കാരുടെ തസ്തിക സൃഷ്ടിച്ച് ആവശ്യമായ ഉപകരണങ്ങൾ ലഭ്യമായി കഴിഞ്ഞാൽ പ്രവർത്തനം ആരംഭിക്കുവാൻ കഴിയും.<br>പ്രധാനപ്പെട്ട സർക്കാർ ആശുപത്രികളിലെല്ലാം ലാബുകൾ പ്രവർത്തിക്കുന്നുണ്ട്. കൂടാതെ എൻ.എച്ച്.എം. വഴി പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിൽ ലാബ് സൗകര്യം ഏർപ്പെടുത്തുന്നു. |

സെക്ഷൻ ഓഫീസർ